# മാധ്യമസമീക്ഷ

എഡിറ്റർ : ഡോ. സുമ സിറിയക്ക്

മലയാളവിഭാഗം

**അസംപ്ഷൻ കോളേജ്**

ചങ്ങനാശ്ശേരി

# ഉള്ളടക്കം


അവതാരിക - ഡോ. പോൾ മണലിൽ ..... 05

ആമുഖം - ഡോ. സുമ സിറിയക് ..... 10

1. സമകാലിക മാധ്യമങ്ങൾ സാമൂഹികമാറ്റത്തിന്റെ ചാലകശക്തികൾ ..... 11
   - മാർ ജോസഫ് പെരുന്തോട്ടം

2. മാധ്യമങ്ങളുടെ മരണപ്പാച്ചിൽ ..... 15
   - പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

3. സൈബർ സംസ്കാരവും സാമൂഹികപരിവർത്തനവും ..... 21
   - പ്രിൻസ്മോൻ ജോസ്

4. വാർത്താസ്വരൂപപരിണാമത്തിൽ വാണിജ്യശക്തികളുടെ സ്വാധീനവും ..... 30
   - ആഘാതവും - സിജു ജോസഫ്

5. മ(ലിന)ഹിത മലയാളം ..... 43
   - ഡോ. എം.ആർ. ഷെല്ലി

6. വിസ്മയക്കാഴ്ചകളുടെ സാമൂഹികസ്പന്ദനം - ടെലിവിഷൻ ആധാരമാക്കിയുള്ള ഒരു അന്വേഷണം ..... 52
   - മിനി മറിയം സക്കറിയ

7. ടെലിവിഷൻ സീരിയലുകളിലെ സ്ത്രീപ്രതിനിധാനങ്ങൾ ..... 61
   - ആരതി പി.നായർ

8. സിനിമയിലെ മൊബൈൽഫോണും മധ്യവർഗ്ഗജീവിതവും ..... 70
   - അജീഷ് തോമസ്

9. നവമാധ്യമങ്ങളും സംസ്കാരനിർമ്മിതിയും ..... 75
   - കാർത്തിക എസ്.ബി.

10. നവനാഗരികത സമകാലിക മലയാള സിനിമയിൽ ..... 87
    - ഹരികൃഷ്ണൻ

11. മൊബൈൽ വിപ്ലവം ..... 93
    - ശ്രീലക്ഷ്മി എൻ.

12. സാമുദായപത്രങ്ങൾ
- ജോമോൾ ജോസ് ........ 98

13. ടെലിവിഷന്റെ സ്വാധീനം കുടുംബത്തിലും സമൂഹത്തിലും
- ഡോ. ജോജി മാടപ്പാട്ട് ........ 106

14. സൈബർ മാധ്യമങ്ങളുടെ സാമൂഹികപ്രസക്തി
- ശാന്തിനി തോമസ് ........ 115

15. പരസ്യങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം
- ഡെയ്സി എബ്രഹാം ........ 129

16. ലൈക്ക് പ്രതികരണത്തിന്റെ പുതിയ മുഖം
- കെസിയ മേരി ഫിലിപ്പ് ........ 137

17. മൊബൈൽ ഫോണുകളും സംസ്കാരത്തിന്റെ ചലനാത്മകതയും
- ജയ്സിമോൾ അഗസ്റ്റിൻ ........ 142

18. മാധ്യമം മധ്യമം
- സിസ്റ്റർ ജസീന മാത്യു ........ 148

19. അഞ്ജലിമേനോന്റെ സിനിമകളിലെ സാമൂഹ്യപ്രതിബദ്ധത
- ഡോ. സുമ സിറിയക്ക് ........ 154

20. അനുദിന ജീവിതവും സമ്പർക്ക മാധ്യമങ്ങളും
- ഡോ. സി. മാർഗരറ്റ് മരിയ തോമസ് ........ 165

21. കലാകാരിയും ആത്മചരിതവും
- സജിനി പി.എസ്. ........ 168

22. കണ്ണുതുറപ്പിക്കാൻ സോഷ്യൽ മീഡിയാകൾ
- റീന ബെന്നി ........ 174

23. മാധ്യമങ്ങളുടെ സാംസ്കാരിക സ്വാധീനം മലയാളത്തിൽ
- നിബുലാൽ വെട്ടൂർ ........ 177

24. ഹൈപ്പർ ടെക്സ്റ്റിന്റെയും മൾട്ടിമീഡിയയുടെയും സ്വാധീനം സാമൂഹിക പരിണാമത്തിൽ
- ഡോ. ദേവകിക്കുട്ടി പി.കെ. ........ 183

25. മാധ്യമങ്ങളുടെ സുപ്രധാന ധർമ്മങ്ങൾ ബനഡിക്ട് 16-ാമൻ പാപ്പായുടെ കാഴ്ചപ്പാടിൽ
- ഡോ. സി. മേഴ്സി നെടുംപുറം ........ 189

ലേഖകപരിചയം ........ 194

# 12

# സമുദായ പത്രങ്ങൾ

ജോമോൾ ജോസ്

പാരസ്പര്യവികാരം (Feeling of mutuality) ഏറ്റമധികം ദൃശ്യമാവുന്ന ഒരു സാമൂഹികഘടകമാണ് സമുദായം. അതുകൊണ്ടുതന്നെ സാമൂഹികപ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ സമുദായാടിസ്ഥാനത്തിൽ സംഘടിക്കുന്നതും പ്രശ്നപരിഹരണോപാധികൾ തേടുന്നതും സ്വാഭാവികമാണ്. പാരസ്പര്യവികാരം ഏറ്റവും കൂടുതലുള്ള സാമൂഹികഘടകം എന്നനിലയിൽ ഇന്ത്യയുടെ പല ഭാഗങ്ങളിലുമെന്ന പോലെ കേരളത്തിലും സമുദായാടിസ്ഥാനത്തിൽ ദിനപ്പത്രങ്ങളും ആനുകാലികങ്ങളും വളർന്നുവന്നു. സമുദായാംഗങ്ങളുടെ സാമൂഹീകികരണത്തിനായി സമുദായനേതാക്കൾ അവലംബിച്ച ഒരു സുപ്രധാന ഉപാധി പത്രങ്ങളും ആനുകാലികങ്ങളും തന്നെ.

19-ാം നൂറ്റാണ്ടിന്റെ അന്തിമദശകങ്ങളിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കേരളസമൂഹത്തിൽ നിരവധി പത്രമാസികകൾ ജന്മമെടുത്തു. അവയിൽ സാമുദായികമായ ആവശ്യങ്ങളെ മുൻനിർത്തി രൂപംകൊണ്ട പത്രമാസികകളാണ് ഇവിടെ പരാമർശിക്കുന്നത്. ഇങ്ങനെ രൂപംകൊണ്ടവയിൽ ചിലവ ഇന്നും സമുദായ അടിസ്ഥാനത്തിൽ നിലനിൽക്കുന്നു. ചിലവ കേരളത്തിന്റെ പൊതുധാരാ വാർത്താമാധ്യമങ്ങളായി പരിവർത്തനം ചെയ്തു. ചിലവ നിന്നുപോവുകയും ചെയ്തു. ഇന്നും സാമുദായികപത്രങ്ങളും മാസികകളും ധാരാളമായി ജന്മമെടുക്കുന്നുണ്ട്. കേരളസമൂഹത്തിൽ പരി

വർത്തനത്തിന്റെ ചാല് കീറുന്നതിൽ സാമുദായികപത്രങ്ങൾ നിർണായക പങ്കുവഹിച്ചു.

## നായർസമുദായ പത്രമാസികകൾ

പരദേശദ്വിജന്മാരോട് യുദ്ധംചെയ്യുന്നതിനായി തിരുവനന്തപുരത്തെ നായന്മാർ 1866-ൽ ആരംഭിച്ച പത്രമാണ് **മലയാളി**. ആദ്യകാല നായർസമുദായ പത്രമാസികകളിൽ പ്രമുഖസ്ഥാനമലങ്കരിക്കുന്ന ഒന്നാണ് ശാരദ. 1905-ൽ (കൊ.വ. 1080-ൽ) ശാരദയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു പരസ്യത്തിലെ പ്രധാനപ്രമേയം നായർ സമുദായപരിഷ്കരണം തന്നെയായിരുന്നു. സാമൂഹ്യപരിഷ്കരണത്തിൽ ഒരു ചരിത്രരേഖ തന്നെയായിരുന്നു ഈ പരസ്യം. ഈ പത്രം സമുദായത്തിനുള്ളിലെ ജാതീയ ഉച്ചനീചത്വങ്ങൾക്കെതിരെ ശബ്ദമുയർത്തി.[1]

നായർ സർവീസ് സൊസൈറ്റിയുടെ ആദ്യകാല ജിഹ്വ എന്നറിയപ്പെട്ടിരുന്ന പത്രമായിരുന്നു **ദേശബന്ധു.** സർവീസ് സൊസൈറ്റിയുടെ മുഖപത്രമെന്ന നിലയിൽ മന്നം സ്ഥാപിച്ച മാസികയാണ് **സർവീസ്.** നായന്മാരുടെ വിദ്യാഭ്യാസപരവും സാമൂഹികവുമായ സർവപുരോഗതിയും ലക്ഷ്യംവച്ച് മന്നത്തുപത്മനാഭന്റെ പത്രാധിപത്യത്തിൽ ദീർഘനാൾ ഈ മാസിക പ്രവർത്തിച്ചു. ഇന്നും സമുദായാടിസ്ഥാനത്തിൽ ഇത് പ്രചരിക്കുന്നു. എൻ.എസ്.എസിന്റെ കേന്ദ്രസമിതിയിലേക്ക് കരഘടകങ്ങളെ വിളക്കിച്ചേർക്കാനും നായർ സമൂഹത്തിന്റെ അലസതമാറ്റി അവരെ സാമൂഹികമായി ഉദ്ഗ്രഥനം ചെയ്യുന്നതിലും വിദ്യാലയപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും നായന്മാരുടെ സാഹിത്യവാസനകൾ പരിപോഷിപ്പിക്കുന്നതിനും ഒക്കെ സർവീസ് പത്രം നിർണായക പങ്കുവഹിച്ചു.

## സർവീസ്

വിദ്യാഭ്യാസ വകുപ്പിൽ 200 രൂപയിൽ കൂടുതൽ ശമ്പളമുള്ള 27 ഉദ്യോഗങ്ങളിൽ 24 പേരും ബ്രാഹ്മണരാകുന്നുവെന്ന് നായർ സമുദായ പത്രം സർവീസ് 1100 ചിങ്ങം ലക്കത്തിൽ കണക്കുകൾ ഉദ്ധരിച്ച് സമർത്ഥിച്ചു. മന്നം തന്റെ ധനസമാഹരണവുമായി ബന്ധപ്പെട്ട് വേണ്ട നിർദ്ദേശങ്ങൾ സമുദായത്തിന് നൽകിയതും പണപ്പിരിവിന്റെ കണക്കുകൾ ജനങ്ങളെ ബോധ്യപ്പെടുത്തിയതും സർവീസിലൂടെ തന്നെ. സാമൂഹ്യവും രാഷ്ട്രീയവുമായ കാര്യങ്ങളുടെ വിമർശനത്തിൽ ധീരവും ശക്തവുമായ നിലപാടുകളാണ് 'സർവീസ്' പത്രാധിപസമിതി സ്വീകരിച്ചത്. നായർ ബിൽ പാസ്സായതിനുശേഷമുണ്ടായ പരിവർത്തനവിധേയമായ സാഹചര്യങ്ങളിൽ സമുദായം

അനുവർത്തിക്കേണ്ടിയിരുന്ന രക്ഷാമാർഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മാസിക പ്രചരണപരമായ സേവനങ്ങൾ നടത്തി. നായർ സർവീസ് സൊസൈറ്റിയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളെപ്പോലും അപലപിച്ചിരുന്ന വിമർശകർക്ക് സർവീസിലൂടെ മന്നം മറുപടി കൊടുത്തു.' നായരുടെ കച്ചവടസംരംഭങ്ങൾ അവന്റെ മതത്തെപ്പോലെതന്നെ അഴുക്കുപിടിച്ച ചായക്കടകളിലൊതുങ്ങുന്നുവെന്ന് വള്ളത്തോൾ നാരായണ മേനോൻ 'സർവീസി'ലെഴുതി.

എൻ.എസ്.എസ് പ്രസിദ്ധീകരണശാഖയുടെ സാമ്പത്തികവശം അവതാളത്തിലായപ്പോൾ 'സർവീസ്' നിർത്തിവയ്ക്കാൻവരെ പ്രതിനിധി സഭാംഗങ്ങൾ ആലോചിച്ചെങ്കിലും മന്നം അതിന് തയാറായില്ല. മറ്റേതെങ്കിലും മാർഗങ്ങളിൽകൂടി പണം കണ്ടെത്തിയാണെങ്കിലും 'സർവീസ്' തുടരണം എന്ന് മന്നം അഭിപ്രായപ്പെട്ടത് പത്രത്തിന്റെ സാമൂഹികപ്രാധാന്യം മാത്രം കണക്കിലെടുത്തായിരുന്നു. സാമൂഹിക നിയമങ്ങളെ പരിവർത്തനം ചെയ്യുന്നതിൽ പത്രങ്ങൾക്കുള്ള സ്വാഭാവികശക്തി മന്നം തന്റെ ആത്മകഥയിൽ ഉദാഹരിക്കുന്നു. മന്നത്തിന്റെ വലിയമ്മാവൻ ചിറമറ്റത്ത് വേലുപ്പിള്ളയുടെ മരണവുമായി ബന്ധപ്പെട്ട് ഉത്ഭവിച്ച പുലക്കേസ്സിൽ പത്രങ്ങൾ ചെയ്ത സേവനം അദ്ദേഹം അനുസ്മരിക്കുന്നു. "പത്തുദിവസംകൊണ്ട് പുലമാറുമെന്നുള്ള ബോധ്യം വീട്ടുകാർക്കും നാട്ടുകാർക്കും ഉണ്ടാകാൻവേണ്ടി ഞാൻ പതിമൂന്നാം പക്കം പെരുന്ന ക്ഷേത്രക്കുളത്തിൽ കുളിച്ച് അമ്പലത്തിൽ കയറി ശ്രീകോവിൽ വാതിൽക്കൽ തൊഴുത് പൂവും പ്രസാദവും വാങ്ങിപ്പോന്നു. പെരുന്നയിൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം സാമാന്യം പ്രസിദ്ധിയും നാലഞ്ചു നമ്പൂതിരിമാർക്ക് ഊരാൺമയുമുള്ള ദേവാലയമാണ്. അവർ യോഗംകൂടി ക്ഷേത്രം അശുദ്ധമാക്കിയെന്നു കാണിച്ച് ദിവാൻജി മുഖാന്തിരം തഹസീൽദാർക്ക് വിചാരണയ്ക്കായി അയച്ചുകൊടുത്തു. വിചാരണയിൽ എന്റെ ഭാഗം വിജയിച്ചു. ഇവയെല്ലാം അക്കാലത്തെ പത്രങ്ങൾ വേണ്ട പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചതുകൊണ്ട് ഉണ്ടാകേണ്ട പ്രയോജനം പൂർണ്ണമായിത്തന്നെ ഉണ്ടായി."[3]

ദക്ഷിണതിരുവിതാംകൂറിലെ നായന്മാരുടെ പത്രമായിരുന്നു ദക്ഷിണഭാരതി. കൈനിക്കര കുമാരപിള്ളയുടെ 'നായർ', സി.പി. ഗോവിന്ദപ്പിള്ളയുടെ സുഭാഷിണി, മള്ളൂർ ഗോവിന്ദപ്പിള്ളയുടെ 'നായർ', മഹാകവി വള്ളത്തോൾ നാരായണമേനോനും കുറ്റിപ്പുറത്തു കേശവൻനായരുംകൂടി പുറത്തിറക്കിയ രാമാനുജം, തുടങ്ങിയവ പഴയ നായർസമുദായ പത്രങ്ങളാണ്.

**നായർ മാസികകൾ:** സി.വി. രാമൻപിള്ളയുടെ മിത്രഭാഷി, സി.പി.
ഗോവിന്ദപിള്ളയുടെ സുഭാഷിണി, മള്ളൂർ ഗോവിന്ദപ്പിള്ളയുടെ
നായർ, കുഞ്ഞിക്കുട്ടൻ തമ്പുരാനും അപ്പൻ തമ്പുരാനും ചേർന്ന്
നടത്തിയ രസികരഞ്ജിനി, പന്തളം കേരളവർമയും പി.വി. കൃഷ്ണ
വാര്യരും ചേർന്ന് നടത്തിയ കവനകൗമുദി ഇവ ശ്രദ്ധേയങ്ങളായ
ഇതര നായർമാസികകളാണ്.

പത്രമാസികകൾ ബ്രാഹ്മണസമുദായത്തിൽ
നമ്പൂതിരി യുവാക്കളുടെ സാമൂഹികോദ്ഗ്രഥനം ലക്ഷ്യമാക്കിയ
മാസികകളാണ് ഉണ്ണി നമ്പൂതിരി, യോഗക്ഷേമം തുടങ്ങിയവ.

**യോഗക്ഷേമം മാസിക:** 1908-ൽ സ്ഥാപിതമായ യോഗക്ഷേമസഭ
യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് യോഗക്ഷേമം മാസി
കയുടെ ഉത്പത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം വർദ്ധി
പ്പിക്കുന്നതിനും സാമുദായികമായ വൈവാഹിക നിയമങ്ങൾ പിൻതു
ടർച്ചാവകാശ നിയമങ്ങൾ നമ്പൂതിരി സ്ത്രീകളുടെ പ്രശ്നങ്ങൾ
തുടങ്ങിയ വിഷയങ്ങൾ യോഗക്ഷേമം മാസികയിൽ വിഷയീഭവി
ച്ചു. ക്ഷേത്രോപജീവികളായി മാത്രം കഴിഞ്ഞ സാധാരണ നമ്പൂതി
രിയെ കേരളസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ
ഈ മാസിക പരിശ്രമിച്ചു.

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നമ്പൂതിരി സമുദായത്തിൽ
പ്രചാരത്തിലിരുന്ന മറ്റൊരു പ്രധാനമാസികയാണ് **ഉണ്ണി നമ്പൂതിരി**
ടി. വി.ടി. ഭട്ടതിരിപ്പാട്, വി.കെ. നാരായണ ഭട്ടതിരി തുടങ്ങിയ പലരും
ഇതിൽ സാമുദായിക ഉദ്ഗ്രഥനം ലക്ഷ്യംവയ്ക്കുന്ന ലേഖനങ്ങളെ
ഴുതി. ദ്വിജാതികളായ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യന്മാർ
ധർമാർത്ഥം ആദ്യം സവർണവിവാഹം ചെയ്യണം. അതിനുശേഷം
ബ്രാഹ്മണന് തന്റെ ജാതി ഉൾപ്പെടെ നാലു ജാതികളിലും ക്ഷത്രി
യന് മൂന്നു ജാതികളിലും വൈശ്യന് രണ്ടു ജാതികളിലും ക്രമേണ
വിവാഹമാകാം എന്നു തുടങ്ങിയ അസംബന്ധംനിറഞ്ഞ വൈവാ
ഹികനിയമങ്ങളെ "നമ്പൂതിരിമാർക്കിടയിലെ ദുർനടപ്പ്" എന്ന
ശീർഷകത്തിൽ ദേശമംഗലത്തു വലിയ നമ്പൂതിരിപ്പാട് എഴുതിയ
ലേഖനത്തിലൂടെ ഉണ്ണി നമ്പൂതിരി മാസിക അപലപിച്ചു.[1]

**ാക്ഷിണാത്യ ബ്രാഹ്മസഭയും അഖില കേരളവും:** നമ്പൂതിരി സമു
ായത്തിനുള്ളിൽ നടക്കേണ്ടിയിരുന്ന പരിഷ്കരണങ്ങളെ
ുൻനിർത്തി സഭ ആരംഭിച്ച മാസികയാണിത്. പ്രണവം,
ജ്ഞോപവീതം മാസിക, ബ്രാഹ്മണ്യം, പവിത്രം, ഉപസഭായ്മനി
ുടങ്ങിയവ നമ്പൂതിരിമാർക്കിടയിൽ ഇന്ന് പ്രചരിക്കുന്ന
ാൺലൈൻ മാസികകളാണ്.

അനുവർത്തിക്കേണ്ടിയിരുന്ന രക്ഷാമാർഗങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് മാസിക പ്രചരണപരമായ സേവനങ്ങൾ നടത്തി. നായർ സർവീസ് സൊസൈറ്റിയുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളെപ്പോലും അപലപിച്ചിരുന്ന വിമർശകർക്ക് സർവീസിലൂടെ മന്നം മറുപടി കൊടുത്തു.[2] നായരുടെ കച്ചവടസംരംഭങ്ങൾ അവന്റെ മതത്തെപ്പോലെതന്നെ അഴുക്കുപിടിച്ച ചായക്കടകളിലൊതുങ്ങുന്നുവെന്ന് വള്ളത്തോൾ നാരായണ മേനോൻ 'സർവീസി'ലെഴുതി.

എൻ.എസ്.എസ് പ്രസിദ്ധീകരണശാഖയുടെ സാമ്പത്തികവശം അവതാളത്തിലായപ്പോൾ 'സർവീസ്' നിർത്തിവയ്ക്കാൻവരെ പ്രതിനിധി സഭാംഗങ്ങൾ ആലോചിച്ചെങ്കിലും മന്നം അതിന് തയാറായില്ല. മറ്റേതെങ്കിലും മാർഗങ്ങളിൽകൂടി പണം കണ്ടെത്തിയാണെങ്കിലും 'സർവീസ്' തുടരണം എന്ന് മന്നം അഭിപ്രായപ്പെട്ടത് പത്രത്തിന്റെ സാമൂഹികപ്രാധാന്യം മാത്രം കണക്കിലെടുത്തായിരുന്നു. സാമൂഹിക നിയമങ്ങളെ പരിവർത്തനം ചെയ്യുന്നതിൽ പത്രങ്ങൾക്കുള്ള സ്വാഭാവികശക്തി മന്നം തന്റെ ആത്മകഥയിൽ ഉദാഹരിക്കുന്നു. മന്നത്തിന്റെ വലിയമ്മാവൻ ചിറമറ്റത്ത് വേലുപ്പിള്ളയുടെ മരണവുമായി ബന്ധപ്പെട്ട് ഉത്ഭവിച്ച പുലക്കേസ്സിൽ പത്രങ്ങൾ ചെയ്ത സേവനം അദ്ദേഹം അനുസ്മരിക്കുന്നു. "പത്തുദിവസംകൊണ്ട് പുലമാറുമെന്നുള്ള ബോധ്യം വീട്ടുകാർക്കും നാട്ടുകാർക്കും ഉണ്ടാകാൻവേണ്ടി ഞാൻ പതിമൂന്നാം പക്കം പെരുന്ന ക്ഷേത്രക്കുളത്തിൽ കുളിച്ച് അമ്പലത്തിൽ കയറി ശ്രീകോവിൽ വാതിൽക്കൽ തൊഴുത് പൂവും പ്രസാദവും വാങ്ങിപ്പോന്നു. പെരുന്നയിൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം സാമാന്യം പ്രസിദ്ധിയും നാലഞ്ചു നമ്പൂതിരിമാർക്ക് ഊരാൺമയുമുള്ള ദേവാലയമാണ്. അവർ യോഗംകൂടി ക്ഷേത്രം അശുദ്ധമാക്കിയെന്നു കാണിച്ച് ദിവാൻജി മുഖാന്തിരം തഹസീൽദാർക്ക് വിചാരണയ്ക്കായി അയച്ചുകൊടുത്തു. വിചാരണയിൽ എന്റെ ഭാഗം വിജയിച്ചു. ഇവയെല്ലാം അക്കാലത്തെ പത്രങ്ങൾ വേണ്ട പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചതുകൊണ്ട് ഉണ്ടാകേണ്ട പ്രയോജനം പൂർണ്ണമായിത്തന്നെ ഉണ്ടായി."[3]

ദക്ഷിണതിരുവിതാംകൂറിലെ നായന്മാരുടെ പത്രമായിരുന്നു ദക്ഷിണഭാരതി. കൈനിക്കര കുമാരപിള്ളയുടെ 'നായർ', സി.പി. ഗോവിന്ദപ്പിള്ളയുടെ സുഭാഷിണി, മള്ളൂർ ഗോവിന്ദപ്പിള്ളയുടെ 'നായർ', മഹാകവി വള്ളത്തോൾ നാരായണമേനോനും കുറ്റിപ്പുറത്തു കേശവൻനായരുംകൂടി പുറത്തിറക്കിയ രാമാനുജം, തുടങ്ങിയവ പഴയ നായർസമുദായ പത്രങ്ങളാണ്.

**നായർ മാസികകൾ:** സി.വി. രാമൻപിള്ളയുടെ മിതഭാഷി. സി.പി. ഗോവിന്ദപിള്ളയുടെ സുഭാഷിണി, മള്ളൂർ ഗോവിന്ദപ്പിള്ളയുടെ നായർ, കുഞ്ഞിക്കുട്ടൻ തമ്പുരാനും അപ്പൻ തമ്പുരാനും ചേർന്ന് നടത്തിയ രസികരഞ്ജിനി, പന്തളം കേരളവർമയും പി.വി. കൃഷ്ണ വാര്യരും ചേർന്ന് നടത്തിയ കവനകൗമുദി ഇവ ശ്രദ്ധേയങ്ങളായ ഇതര നായർമാസികകളാണ്.

പത്രമാസികകൾ ബ്രാഹ്മണസമുദായത്തിൽ

നമ്പൂതിരി യുവാക്കളുടെ സാമൂഹികോദ്ഗ്രഥനം ലക്ഷ്യമാക്കിയ മാസികകളാണ് ഉണ്ണി നമ്പൂതിരി, യോഗക്ഷേമം തുടങ്ങിയവ.

**യോഗക്ഷേമം മാസിക:** 1908-ൽ സ്ഥാപിതമായ യോഗക്ഷേമസഭ യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് യോഗക്ഷേമം മാസി കയുടെ ഉൽപത്തി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം വർദ്ധി പ്പിക്കുന്നതിനും സാമുദായികമായ വൈവാഹിക നിയമങ്ങൾ പിൻതു ടർച്ചാവകാശ നിയമങ്ങൾ നമ്പൂതിരി സ്ത്രീകളുടെ പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങൾ യോഗക്ഷേമം മാസികയിൽ വിഷയീഭവി ച്ചു. ക്ഷേത്രോപജീവികളായി മാത്രം കഴിഞ്ഞ സാധാരണ നമ്പൂതി രിയെ കേരളസമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ഈ മാസിക പരിശ്രമിച്ചു.

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നമ്പൂതിരി സമുദായത്തിൽ പ്രചാരത്തിലിരുന്ന മറ്റൊരു പ്രധാനമാസികയാണ് **ഉണ്ണി നമ്പൂതി രി.** വി.ടി. ഭട്ടതിപ്പാട്, വി.കെ. നാരായണ ഭട്ടതിരി തുടങ്ങിയ പലരും ഇതിൽ സാമുദായിക ഉദ്ഗ്രഥനം ലക്ഷ്യംവയ്ക്കുന്ന ലേഖനങ്ങളെ ഴുതി. ദ്വിജാതികളായ ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യന്മാർ ധർമാർത്ഥം ആദ്യം സവർണവിവാഹം ചെയ്യണം. അതിനുശേഷം ബ്രാഹ്മണന് തന്റെ ജാതി ഉൾപ്പെടെ നാലു ജാതികളിലും ക്ഷത്രി യന് മൂന്നു ജാതികളിലും വൈശ്യന് രണ്ടു ജാതികളിലും ക്രമേണ വിവാഹമാകാം എന്നു തുടങ്ങിയ അസംബന്ധംനിറഞ്ഞ വൈവാ ഹികനിയമങ്ങളെ "നമ്പൂതിരിമാർക്കിടയിലെ ദുർനടപ്പ്" എന്ന ശീർഷകത്തിൽ ദേശമംഗലത്തു വലിയ നമ്പൂതിരിപ്പാട് എഴുതിയ ലേഖനത്തിലൂടെ ഉണ്ണി നമ്പൂതിരി മാസിക അപലപിച്ചു.[4]

**ദാക്ഷിണാത്യ ബ്രഹ്മസഭയും അഖില കേരളവും:** നമ്പൂതിരി സമു ദായത്തിനുള്ളിൽ നടക്കേണ്ടിയിരുന്ന പരിഷ്കരണങ്ങളെ മുൻനിർത്തി സഭ ആരംഭിച്ച മാസികയാണിത്. പ്രണവം, യജ്ഞോപവീതം മാസിക, ബ്രാഹ്മണ്യം, പവിത്രം, ഉപസഭാധ്വനി തുടങ്ങിയവ നമ്പൂതിരിമാർക്കിടയിൽ ഇന്ന് പ്രചരിക്കുന്ന ഓൺലൈൻ മാസികകളാണ്.

### പത്രമാസികകളും ഈഴവനവോത്ഥാനവും

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ ചില ഈഴവർ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ഈഴവസഹോദരങ്ങളുടെ വളർച്ചയെ ലക്ഷ്യംവച്ച് സ്വന്തമായി പത്രമാസികകൾ ആരംഭിച്ചു.

**സുജനാനന്ദിനിപത്രം:** 1892-ലാണ് തിരുവിതാംകൂറിലെ ഈഴവരുടെ ആദ്യപത്രമായ സുജനാനന്ദിനി പ്രസിദ്ധീകരിച്ചു തുടങ്ങിയത്. പറവൂർ കേശവനാശാൻ ആണ് സുജനാനന്ദിനി സ്ഥാപകപത്രാധിപർ. ഈഴവരുടെ വിദ്യാഭ്യാസ നിഷേധത്തിനെതിരെ നടന്ന നായരീഴവ ലഹളയിൽ ഈഴവരുടെ ശബ്ദമായി നിന്നത് ഈ പത്രമാണ്.[5]

**വിവേകോദയം:** 1905-ാമാണ്ടോടുകൂടി പ്രസിദ്ധപ്പെടുത്തിയ വിവേകോദയം പത്രം 'ഈഴവഗജട്ട്' എന്നാണറിയപ്പെട്ടിരുന്നത്. സമാധാന മാർഗങ്ങളിൽക്കൂടി അവകാശസംസ്ഥാപനത്തിന് ഈഴവർ ശ്രമിച്ചിട്ട് സവർണർ അനുകൂലരാകുന്നില്ല എന്നുകണ്ടപ്പോൾ 'ലഹളേ നീതന്നെ സമുദായപരിഷ്കർത്താവ്' എന്നുപദേശിച്ച പത്രമാണ് വിവേകോദയം.

## മിതവാദി പത്രം

തീയരുടെ ബൈബിൾ എന്ന് പരിഹാസപൂർവ്വം വിളിക്കപ്പെട്ടുവന്ന പത്രമാണ് 'മിതവാദി'. 1905-ൽ ബനാറസിൽവച്ചുകൂടിയ കോൺഗ്രസ് യോഗത്തിൽ പ്രസിഡന്റായിരുന്ന ഗോപാലകൃഷ്ണഗോഖലെ ചരിത്രപ്രഖ്യാപിതമായ തന്റെ പ്രസംഗത്തിൽ അന്നത്തെ ഭാരതീയ നേതാക്കളെ മിതവാദികളെന്നും തീവ്രവാദികളെന്നും രണ്ടു കക്ഷിയായി നാമകരണം ചെയ്തു. മിതവാദി കക്ഷികളുടെ നയം വളരെ ഹൃദ്യമായി തോന്നുകയാൽ ആ പേരിൽ ഒരു മലയാളപത്രം തുടങ്ങണമെന്ന് ചില ഈഴവ നേതാക്കൾ ആഗ്രഹിച്ചു. ഈഴവ സമുദായാംഗമായ ശ്രീ. ശിവശങ്കരന്റെ ഉടമസ്ഥതയിൽ 1906-ൽ വിദ്യാവിലാസം പ്രസ്സിൽനിന്ന് മിതവാദി പുറപ്പെട്ടു. 1913 -ൽ കോഴിക്കോടുനിന്ന് സി. കൃഷ്ണന്റെ പത്രാധിപത്യത്തിൽ മിതവാദി പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ 'തീയരുടെ വക ഒരു മലയാള മാസിക' എന്നുകൂടി പുറം കവറിൽ ചേർത്തു. സമുദായപത്രങ്ങൾ ജനങ്ങളിൽ അനൈക്യം വളർത്താനേ ഉപകരിക്കൂ എന്ന വിമർശനവും പൊന്തിവന്നു. "അവരവരുടെ വേദന അവരവർ അറിയുന്നതുപോലെ മറ്റുള്ളവർ അറിയുമെന്ന് വിചാരിക്കാൻ ഒരിക്കലും ന്യായമില്ല"[6] എന്നാണ് ഇതിന് മിതവാദിയെഴുതുന്ന മറുപടി. അയിത്തം, മദ്യവർജനം, സാമ്പത്തിക അച്ചടക്കം, സമുദായ കൂട്ടായ്മകൾ തുട

ജിയവ ഈ പത്രത്തിൽ വിഷയീഭവിച്ചു.
“താലികെട്ടു കല്യാണം കേവലം അനാവശ്യമാണെന്നു മാത്രം
പറഞ്ഞാൽപോരാ, അപമാനസൂചകം എന്നുതന്നെ പറയേണ്ടിയി
രിക്കുന്നു” എന്ന് ഡപ്യൂട്ടി കലക്ടറായിരുന്ന പന്നിക്കോട്ട കരുണാ
കരമേനോൻ അവർകളുടെ അഭിപ്രായം മിതവാദി പത്രം വളരെ
പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്തു.[7]

തിരുവിതാംകൂറിലെ വിദ്യാർത്ഥികളുടെ എണ്ണം, പല സമുദായ
ങ്ങളുടേയും ഏറെക്കുറെയുള്ള പരിഷ്കാരസ്ഥിതി ഇവ കണക്കി
ലെടുത്താൽ ക്രിസ്ത്യാനികളാകുന്നു വിദ്യാഭ്യാസ വിഷയത്തിൽ
ഒന്നാമതായി നിൽക്കുന്നത്. 1094-ൽ 1,31,066 ക്രിസ്ത്യാനി വിദ്യാർത്ഥി
കൾ ഉണ്ടായിരുന്നു. നായന്മാർ ഇതുവരെ ലക്ഷം എത്തീട്ടില്ല. ഈഴ
വർ ഏകദേശം അര ലക്ഷം (48,847) മാത്രമുണ്ട് എന്നുംമറ്റും മിത
വാദി പത്രത്തിലൂടെ ഈഴവർ പരാതിപ്പെട്ടു.[8]

## കേരളകൗമുദി പത്രം

1911 ലാണ് സി.വി. കുഞ്ഞുരാമൻ കേരളകൗമുദി പത്രം ആരംഭി
ക്കുന്നത്. ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്ന പത്രമായി
കൊല്ലം മയ്യനാട്ടുനിന്നും പുറപ്പെട്ട കേരളകൗമുദി വർണപ്രകാശം
പ്രസ്സിലാണ് അച്ചടിച്ചുവന്നത്. സാമുദായികവിഷയങ്ങളും ഒപ്പം
സാമൂഹികപ്രാധാന്യമുള്ള ഇതരവിഷയങ്ങളും കൗമുദി കൈകാര്യം
ചെയ്തു.

ക്ഷേത്രപ്രവേശനപ്രക്ഷോഭണവുമായി ബന്ധപ്പെട്ട് കൗമുദി
സ്തുത്യർഹമായ സേവനമാണ് ചെയ്തത്. കേരളത്തിലെ ആചാര
ങ്ങൾക്ക് അനാചാരങ്ങൾ എന്നാണ് പണ്ടുപണ്ടേ നടപ്പായിരിക്കുന്ന
പ്രസിദ്ധമായ പേര്. അനാചാരങ്ങളെന്ന പേരുതന്നെ ശ്രുതിസ്മൃ
തികൾക്ക് വിരുദ്ധമായ ആചാരങ്ങൾ എന്ന പരമാർത്ഥത്തെ പ്രദ്യോ
തിപ്പിക്കുന്നു[9] എന്ന് കൗമുദി മുഖപ്രസംഗത്തിൽ എഴുതി. ഈഴവ
രുടെ മദ്യവർജ്ജനപ്രക്ഷോഭത്തിന് കൗമുദിയെ ഒരുപകരണമാക്കി
ക്കൊണ്ടുതന്നെ സമുദായനേതൃത്വം പ്രവർത്തിച്ചു. ആദ്യകാലങ്ങ
ളിൽ വളരെ സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലാണ് കൗമുദി
പത്രം നടത്തിയതെന്ന് സി.വി. കുഞ്ഞുരാമന്റെ ജാമാതാവായ സി.
കേശവൻ തന്റെ ആത്മകഥയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വിശപ്പു
തളർന്നു യാത്രചെയ്യുന്ന ഈഴവന് നായരുടെ ചായക്കടയിൽനിന്ന്
അല്പം ചായ കുടിക്കാൻപോലും അനുവാദമില്ലായിരുന്നുവത്രെ.
കേരളകൗമുദിയിലെ ഒരു വാർത്ത ഇപ്രകാരമാണ്.[10] ഇടപ്പള്ളിയിൽ
ഒരു ഈഴവൻ വശപ്പു സഹിക്കവയ്യാതെ വെയിൽകൊണ്ടു വഴിന
ടന്നു തളർന്നു ക്ഷീണിച്ചു. ഒരു നായരുടെ കാപ്പിക്കടയിൽ 'ഒരു

സിംഗിൾ ചായ തരണേ' എന്നു ചോദിച്ചുകൊണ്ട് കാപ്പികുടിക്കാൻ കയറിച്ചെന്നു. നായരുടെ കടയാണെന്ന് പാവപ്പെട്ട ഈഴവൻ അറിഞ്ഞിരുന്നില്ല. കടക്കാരൻ ആരാണ്? ജാതി എന്താണ്? എന്നൊക്കെ ചോദ്യം തുടങ്ങിയപ്പോൾ മനസ്സാക്ഷിക്കു വിരുദ്ധമല്ലാതെ 'ചോവൻ' എന്നു പറഞ്ഞുപോയി. തൽക്ഷണം അവിടെയെത്തിയ നായർ ഉദ്യോഗസ്ഥൻ ഈഴവൻ എന്ന് കണ്ടയുടനെ പോലീസിന്റെ സ്വതേയുള്ള ഉശിരോടുകൂടി അവനെ കണക്കിനു തല്ലിച്ചതച്ചു. സാമൂഹിക പരിവർത്തനങ്ങളെ ലക്ഷ്യംവയ്ക്കുന്ന സാമുദായിക ശബ്ദമായി ഈഴവപത്രങ്ങൾ പ്രവർത്തിച്ചു.

സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലാണ് കൗമുദിപത്രം നടത്തിയതെന്ന് സി. കേശവന്റെ ആത്മകഥയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സി. കേശവനും കെ. ദാമോദരനും വി.ജി. കൃഷ്ണപിള്ളയുംകൂടി കൊല്ലത്തുനിന്നും നടത്തിവന്ന മാസികയാണ് 'സേവിനി'. തിരുവിതാംകൂർ 'സുദർശനം' പത്രം വൈക്കം സത്യാഗ്രഹത്തിൽ അവർണക്കെതിരായി നിലകൊണ്ടു എന്ന് കേരളകൗമുദി വിലപിക്കുന്നു.[11] തൃശിവപേരൂർ പ്രദേശത്തെ നമ്പൂതിരിമാർ ഈഴവരോടു കാട്ടുന്ന ധാർഷ്ട്യം സഹിക്കവയ്യാതായപ്പോൾ ഈഴവർ കൗമുദിയിലൂടെ ഇങ്ങനെ പ്രതികരിച്ചു. "താമസിയാതെ വൈക്കം സത്യാഗ്രഹികൾ തിരുവിതാംകൂറിൽനിന്നു നാടുകടന്നു തൃശിവപേരൂരിൽ എത്തിക്കൊള്ളും."[12] അയിത്തവിഷയത്തിൽ ഈഴവർക്കനുകൂലമായ നിയമനിർമാണങ്ങൾ വേണ്ടത്ര പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്യാൻ കൗമുദി തുടങ്ങിയ പത്രങ്ങൾ ശ്രദ്ധിച്ചു. പബ്ലിക് റോഡുകൾ, കിണറുകൾ മുതലായവ അധഃകൃതർക്ക് ഉപയോഗിക്കാം എന്നത് സംബന്ധിച്ച് 1924 ആഗസ്റ്റ് 25-ാം തീയതി മദിരാശി നിയമനിർമാണസഭ പാസാക്കിയ പ്രമേയം കേരള കൗമുദി മാസിക പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു.[13]

അപ്പപ്പോൾ തുടങ്ങിയും മുടങ്ങിയും ഇവിടെ ഉദയംചെയ്ത സാമുദായിക പത്രമാസികകൾ കേരള സമൂഹത്തിൽ സാമുദായികമായ നവോത്ഥാനം നിർവഹിക്കുന്നതിൽ നിസ്തുലമായ പങ്ക് വഹിച്ചു. സാമുദായികമായ ഉയർത്തെഴുന്നേൽപ്പും പരിവർത്തനങ്ങളുമാണ് സമുദായപത്രങ്ങൾ ലക്ഷ്യംവച്ചത്. അങ്ങനെ കേരളസമൂഹത്തിന്റെ പൊതുപന്ഥാവിലേക്ക് സ്വസമുദായങ്ങൾ കടന്നുവരണമെന്ന് അവർ ആഗ്രഹിച്ചു. സാമുദായികമായ നവോത്ഥാനം കേരളത്തിന്റെ സാമൂഹിക നവോത്ഥാനത്തെ നേർ അനുപാതത്തിൽ പരിപോഷിപ്പിക്കുകയും ചെയ്തു.

□

## റഫറൻസ്

1. ജി. പ്രിയദർശനൻ 'മലയാളപത്രപ്രവർത്തനം പ്രാരംഭസ്വരൂപം' പുറം 90–91.
2. മന്നത്ത് പത്മനാഭൻ (സമാഹരണം) എൻ.എസ്.എസ്. നടപടി ബുക്ക് 1094–99 എൻ.എസ്.എസ്. ഹെഡാഫീസ്, ചങ്ങനാശ്ശേരി. പുറം 48–49.
3. മന്നത്ത് പത്മനാഭൻ "എന്റെ ജീവിത സ്മരണകൾ" പുറം 74.
4. ഉണ്ണി നമ്പൂതിരി മാസിക വിശേഷാൽപ്രതി 1099 അഞ്ചാം പുസ്തകം.
5. കേശവൻ സി. 'ജീവിതസമരം' പുറം 116. ഡി.സി. ബുക്സ് 2005.
6. മിതവാദി. 1918 ജനുവരി 3.
7. മിതവാദി പുസ്തകം 1914 ജൂൺ 4 ലക്കം 6.
8. മിതവാദി 1920 മാർച്ച് പു. 8. ല. 3.
9. കേരളകൗമുദി 1925 ജനുവരി 1 പു. 6. ല. 37.
10. കേരളകൗമുദി 1925 ജനുവരി 1 പു.6. ല.37
11. കേരളകൗമുദി 1924 മെയ് 1.
12. കേരളകൗമുദി 1924 മെയ് 1 പുസ്തകം 6 ലക്കം 8.
13. കേരളകൗമുദി 1924 ഒക്ടോബർ 23 വ്യാഴം പു. 6. ല. 29.